ശ്രീ. സി. എ. മാത്യു : പതിനാറായിരം രൂപ ചെലവായിട്ടുണ്ടെന്നു പറഞ്ഞു. രണ്ടു യോഗങ്ങൾ കൂടിയെന്നും പറഞ്ഞു. ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിനു് ആകെ എത്ര ചെലവാകുമെന്നു പറയാൻ കഴിയുമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

പോലീസു് വകുപ്പിൽനിന്നും ചാർജ്ജുചെയ്യുന്ന കേസ്സുകൾ.

*1547. [6] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ്വകുപ്പിൽനിന്നും ചാർജ്ജു് ചെയ്യുന്ന കേസ്സുകൾ ഹെഡ്കാൺസ്റ്റബിൾമാർ വാദിക്കുന്ന സമ്പ്രദായം ഇപ്പോഴും തുടർന്നു വരുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പോലീസു് ചാർജ്ജുചെയ്യുന്ന കേസ്സുകൾ അധികമായും പരാജയപ്പെടുന്നതു് ഈ കാരണത്താലാണെന്നു് ശ്രദ്ധയിൽവന്നിട്ടുണ്ടോ ?

(സി) മൂവാറ്റുപുഴ സ്റ്റേഷനധികാരത്തിൽ 1958-59-ൽ എത്ര കേസുകൾ പോലീസിൽനിന്നും ചാർജ്ജുചെയ്തു; എത്രയെണ്ണം വിധിയായി; അതിൽ ജയിച്ചതെത്ര ?

(ഡി) പാമ്പാക്കുടയിൽ ചാർജ്ജുചെയ്യപ്പെട്ട ഒരു കേസ്സിലെ പ്രതികൾ കേസിന്റെ വിധിക്കുശേഷം സാക്ഷികളെ ദേഹോപദ്രവമേൽപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ?

(ഇ) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ :)

(എ) ഉണ്ടു്. പോലീസു് ചാർജ്ജുചെയ്യാറുള്ള കേസുകൾക്കു് ചിലപ്പോൾ ഹെഡ്കാൺസ്റ്റബിൾമാർ വാദിക്കാറുണ്ടു്.

(ബി) ഈ അഭിപ്രായം ശരിയല്ല.

(സി) 89 കേസുകൾ ചാർജ്ജുചെയ്തു. 29 കേസുകൾ ശിക്ഷിക്കപ്പെട്ടു. 17 എണ്ണം വെറുതേവിട്ടു. 39 എണ്ണം ഒത്തുതീർപ്പിലവസാനിപ്പിച്ചു.

(ഡി) ഉണ്ടു്.

(ഇ) അതു സംബന്ധിച്ചു് കേസു് ചാർജ്ജുചെയ്തിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പോലീസു് വാദിക്കുന്ന കേസുകൾ ഫലപ്രദമായി വാദിക്കുന്നില്ലെന്നറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അറിവില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പോലീസു് ചാർജ്ജുചെയ്യുന്ന കേസുകളിൽ അധികവും പരാജയപ്പെടുന്നതായി പത്രത്തിൽ കാണുന്നതു ശരിയാണോ ?

ശ്രീ. സി. അച്യുതമേനോൻ : മൂവാറ്റുപുഴ സ്റ്റേഷനെ സംബന്ധിച്ചിടത്തോളമുള്ള ചോദ്യത്തിനുത്തരമാണു് കൊടുത്തിട്ടുള്ളതു്. അവിടെ ചാർജ്ജു് ചെയ്ത കേസുകളിലധികവും ശിക്ഷിക്കപ്പെട്ടിട്ടുള്ളതായിട്ടാണു് കണക്കുകളിൽ കാണുന്നതു്. ബഹുമാനപ്പെട്ട മെമ്പറുടെ നിഗമനത്തിനു വിരുദ്ധമായിട്ടാണു് കാണുന്നതു്.

ശ്രീ. പി. ടി. ചാക്കോ : ഹെഡ്കാൺസ്റ്റബിൾമാരിൽ പലരും ചില സർക്കാർവക്കീലന്മാരെക്കാൾ മെച്ചമായി കേസുവാദിക്കുന്നതായി മന്ത്രിക്കു ബോദ്ധ്യമായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : കോടതിയായി കേസു നടത്തുന്ന കാര്യം കോൺസ്റ്റബിൾമാർ ഉണ്ട്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : കോർട്ടിൽ കേസു നടത്തുന്നതിനു പ്രാസിക്യൂട്ടു ചെയ്യുവരെ സഹായിക്കുകയല്ലാതെ സാധാരണയായി ചെയ്യാറുള്ളതു പോലെ ഒരു തെളിവു ഉണ്ടാക്കി കക്ഷിപിടിച്ചു വാങ്ങിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : ക്രിമിനൽ നിയമത്തിന്റെ തത്വത്തിയല്ലേയ്യു ഞാൻ കൂടുക്കുന്നില്ല.

പീച്ചി ഇറിഗേഷൻ സ്കീമിന്റെ പണി.

* 1548. [7] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീച്ചി ഇറിഗേഷൻ സ്കീമിന്റെ പണി എന്നുമുതൽ ആരംഭിച്ചു ;

(ബി) എന്നുമുതൽ കൃഷിക്കാർക്കു വെള്ളം ലഭിച്ചുതുടങ്ങി;

(സി) ഇപ്പോൾ എത്ര ഏക്കർ സ്ഥലത്തേയ്ക്കു കൃഷിക്കു വെള്ളം ലഭിക്കുന്നുണ്ടു;

(ഡി) ഇതിന്റെ പ്രവർത്തനത്തിനായി എത്ര ഉറപ്പിക ചെലവുവരുന്നു;

(ഇ) പീച്ചിയിൽനിന്നു പുതിയ കനാലുകളും തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഒല്ലൂർ, മരത്താക്കര കൂടി തെക്കാട്ടുശേരിക്കു ഒരു കനാൽ വേണമെന്നു അവശ്യപ്പെട്ടുകൊണ്ടു മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എന്നത്തേയ്ക്കു് ആകും?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) 1948 മുതൽ പണി ആരംഭിച്ചു.

(ബി) 1953 മുതൽ.

(സി) നാൽപ്പത്തി അയ്യായിരം ഏക്കർ സ്ഥലത്തേയ്ക്കു വെള്ളം ലഭിക്കുന്നുണ്ടു.

(ഡി) 2,22,86,411 രൂപ.

(ഇ) ഉണ്ടു.

(എഫ്) ഉണ്ടു.

(ജി) രണ്ടുകൊല്ലത്തെ വെള്ളത്തിന്റെ നില കണ്ടശേഷം തീരുമാനിക്കുന്നതാണു.

റേഡി. ബി. സാനിട്ടോറിയം.

* 1549. [8] ശ്രീ. ആർ. ജനാർദ്ദനൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ എത്ര റേഡി. ബി. സാനിട്ടോറിയം ഉണ്ടു;

(ബി) എല്ലാ സാനിട്ടോറിയത്തിലുമായി എത്ര രോഗികളെ 1958-59-ൽ ഇൻപേഷ്യൻറ്സായി ചികിത്സിച്ചിട്ടുണ്ടു?

LIBRARY ARCHIVES Kerala Legislative Assembly